**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4568** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് അറിയിക്കാമോ; | (എ) | (എ)യും (ബി)യും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തിയ 2013ലെ സർക്കാരിന്റെ തീരുമാനം, 2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരുടെ കാര്യത്തിലും സ്വീകരിക്കാമോ; | (ബി) | (എ)യും (ബി)യും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഭിന്നശേഷിക്കാർക്കായി സർക്കാർ സർവ്വീസിൽ സംവരണം ചെയ്തിട്ടുള്ളതിന് ആനുപാതികമായി പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; അനുവദനീയമായ സംവരണ ശതമാനം, നിലവിൽ ഈ സംവരണത്തിലൂടെ നികത്തപ്പെട്ടിട്ടുള്ള ശതമാനം, ഇനി നികത്തപ്പെടുവാനുള്ള ശതമാനം എന്നിവ അറിയിക്കാമോ? | (സി) | ഭിന്നശേഷിക്കാർക്കായി സർക്കാർ സർവ്വീസിൽ 3% സംവരണം ചെയ്തിട്ടുള്ളതിന് ആനുപാതികമായി നിയമനം നടത്തിയിട്ടുണ്ട്. 2018ൽ ശ്രീ ഗിരീഷ് കുമാർ IAS (Rtd) ന്റെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി 3% ബാക്ക് ലോഗ് വേക്കൻസികൾ പൂർണ്ണമായും നികത്തപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻപ്രകാരം സംസ്ഥാനത്ത് 1995ലെ ഭിന്നശേഷി നിയമപ്രകാരം നടപ്പിലാക്കിയിട്ടുള്ള 3% സംവരണം പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ RPWD Act 2016 പ്രകാരം 4% സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എങ്കിലും നിയമന റൊട്ടേഷൻ ടേൺ നിശ്ചയിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമാവാത്തതിനാൽ മുൻപുണ്ടായിരുന്ന 3% സംവരണം തന്നെയാണ് ഇപ്പോഴും നൽകി വരുന്നത്. ഇനി നികത്തപ്പെടുവാനുള്ളത് ഒരു ശതമാനം സംവരണമാണ്. |

സെക്ഷൻ ഓഫീസർ